ഉത്തരം

(എ) തിരുവനന്തപുരത്ത് സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുവാനാണ് കിൻഫ്രക്ക് പദ്ധതി ഉണ്ടായിരുന്നത്. സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്ന മുറയ്ക്ക് തിരുവനന്തപുരത്ത് ഒരു ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(ബി) ശ്രീകാര്യം കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽ ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുവാൻ സർക്കാരിന് ഇപ്പോൾ പദ്ധതിയില്ല.

ടെക്നോപാർക്ക് - ഇൻഫോപാർക്ക് കമ്പനികൾ

74. [838] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക് എന്നിവിടങ്ങളിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം എത്ര ചതുരശ്ര അടി വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ടെക്നോപാർക്കിലും ഇൻഫോപാർക്കിലും പ്രവർത്തിക്കുന്ന കമ്പനികൾ, ഓരോ കമ്പനിയുടേയും മുഖ്യപ്രവർത്തന മേഖല വിനിയോഗിക്കുന്ന കെട്ടിട വിസ്തീർണ്ണം, കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി വിറ്റു വരവ് എന്നിവ വിശദമാക്കുമോ ?

ഉത്തരം

(എ & ബി) തിരുവനന്തപുരം ടെക്നോപാർക്കിലെ കെട്ടിടങ്ങളുടെ വിസ്തീർണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു. † കൊച്ചി ഇൻഫോപാർക്കിൽ രണ്ട് കെട്ടിടങ്ങളാണ് ഉള്ളത്. അതിൽ വിസ്മയ 2.25 ലക്ഷം ചതുരശ്ര അടിയും തപസ്യ 1.25 ലക്ഷം ചതുരശ്ര അടിയും വീതമാണുള്ളത്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന കമ്പനികളെ സംബന്ധിച്ച വിവരം അനുബന്ധം രണ്ടും മൂന്നും ആയി ചേർക്കുന്നു. † കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി വിറ്റുവരവിനെക്കുറിച്ചുള്ള വിവരങ്ങളും തിരുവനന്തപുരം ടെക്നോപാർക്കിലെ കമ്പനികളുടെ മുഖ്യ പ്രവർത്തനമേഖലയെ സംബന്ധിച്ചുള്ള വിവരവും ശേഖരിച്ചുവരുന്നു.

സ്മാർട്ട്സിറ്റി എന്ന സർക്കാർ പ്രസിദ്ധീകരണത്തിലെ പരാമർശത്തിനെതിരെ ലഭിച്ച നിവേദനം

75. [839] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി എന്ന പേരിൽ കേരള സർക്കാരിന്റെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള ലഘു പുസ്തകത്തിലെ 16-ാം പേജിൽ 10-ാമത്തെ വരിയിൽ തുടങ്ങുന്ന വാചകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† അനുബന്ധം VI കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിലൊരു വാചകം പ്രസ്തുത പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്താൻ ഇടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തി അതിന്. ഉത്തരവാദികളായവരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം അതേപടി പുനഃപ്രസിദ്ധീകരിക്കുകയാണ് ചെയ്തത്.

ഐ.ടി. മിഷൻ കേരളയുടെ പ്രവർത്തനം

76. [841] ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി. മിഷൻ കേരളയുടെ പ്രവർത്തനം സംബന്ധിച്ച് നാളിതുവരെ എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഐ.ടി. മിഷൻ കേരളയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ നിർദ്ദേശിച്ച് ഇതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഐ.ടി. മിഷന്റെ നിലവിലുള്ളതും, പ്രാവർത്തികമാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ചും, ഐ.ടി. മിഷൻ നേതൃത്വം നൽകി നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചും വിശകലനം ചെയ്യുന്നതിനായി സെക്രട്ടറി, (ഇൻഫർമേഷൻ ടെക്നോളജി) അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ, മിനിസ്റ്റർ, ഇൻഫർമേഷൻ ടെക്നോളജി (ബഹു. മുഖ്യമന്ത്രി) അദ്ധ്യക്ഷതയിൽ ജനറൽ ബോഡി കമ്മിറ്റിയും കാലാകാലങ്ങളിൽ അവലോകനം നടത്താറുണ്ട്.

ഐ.ടി. കയറ്റുമതി

77. [842] ശ്രീ. സി.ടി. അഹമ്മദ്അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഐ.ടി. കയറ്റുമതി രംഗത്തെ പുരോഗതി വ്യക്തമാക്കുമോ ;

ചോദ്യം നമ്പർ (840)ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly